**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2704** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ പഠന സൗകര്യം ഉറപ്പുവരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ,ഉന്നതവിദ്യാഭ്യാസ മേഖലയിൽ അദ്ധ്യയനം നടത്തുന്ന ആദിവാസി വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികളിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്തവർ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗ മേഖലകളിലെ സാമൂഹ്യ പഠനമുറികൾ, കമ്മ്യൂണിറ്റിഹാൾ, അങ്കണവാടികൾ, ഹോസ്റ്റലുകൾ, ക്ലബ്ബുകൾ മുതലായ പൊതു ഇടങ്ങളിലാണ് ഡിജിറ്റൽ കണക്ടിവിറ്റി ക്രമീകരിച്ചിരിക്കുന്നത്. ഈ സൗകര്യം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ്. ഡിജിറ്റൽ പഠനസൗകര്യമില്ലാത്തവർ എത്രയെന്ന് നിജപ്പെടുത്താൻ സാധിച്ചിട്ടില്ല. |
| (ബി) | ഇവർക്ക് പൂർണ്ണമായും ഡിജിറ്റൽ പഠന സൗകര്യം ഉറപ്പുവരുത്തുന്നതിന് പട്ടികവർഗ്ഗ വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | നെറ്റ് വർക്ക് കണക്ടിവിറ്റിയില്ലാത്ത കോളനികളിൽ നെറ്റ് കണ്ക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. നെറ്റ് കണക്ടിവിറ്റിയില്ലാത്ത 1284 കോളനികളിൽ 1070 കോളനികളിൽ നെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിദൂര ദുർഘട മേഖലയായ ഇടമലക്കുടി പോലെയുള്ള കോളനികളിലും നെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ഇടമലക്കുടിയിൽ മാത്രം ഇന്റർനെറ്റ് കണക്ടിവിറ്റിക്കായി 4.31കോടി രൂപയാണ് ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ